(ബി) ഈ പദ്ധതിയുടെ പ്രധാന ലക്ഷ്യം ഗവൺമെന്റ് സ്ഥാപനങ്ങളിലെ ഔദ്യോഗിക ഫയൽ നടപടികൾ ഇലക്ട്രോണിക് സംവിധാനത്തിലൂടെ വേഗത്തിലാക്കുക, അവയുടെ കാര്യക്ഷമത വർദ്ധിപ്പിക്കുക അതുവഴി വേഗത്തിൽ തീരുമാനം എടുക്കാൻ സഹായിക്കുക എന്നുള്ളതാണ്.

(സി) ഉന്നത വിദ്യാഭ്യാസ വകുപ്പ്, സാമൂഹ്യനീതി വകുപ്പ് എന്നിവ DDFS ഉപയോഗിക്കുന്നത് ഒഴിച്ചാൽ മറ്റ് എല്ലാ വകുപ്പുകളിലും ഫയലിംഗ് മാന്വലായാണ് നടക്കുന്നത്. ഐഡിയാസ് ഫയൽ ട്രാക്കിങ്ങിന് വേണ്ടി മാത്രമുള്ളതാണ്. ഇ-ഓഫീസിലേക്ക് മാറുന്നതുവഴി DDFS-ന്റെ അതേ ഗുണങ്ങൾ കുറഞ്ഞ ചെലവിൽ ഇ-ഓഫീസിൽ ലഭ്യമാകുന്നു. കൂടാതെ ഉടൻ തന്നെ ഇ-ഓഫീസിൽ പൊതുജനങ്ങൾക്ക് ഐഡിയാസിന്റെ മാതൃകയിൽ ഫയൽ ട്രാക്ക് ചെയ്യുവാൻ സൗകര്യമൊരുക്കുന്ന ഒരു സംവിധാനം ലഭ്യമാകുന്നതായിരിക്കും. DDFS-ന്റെ ആന്വൽ മെയിന്റനൻസ് ചാർജ്ജ് നൽകേണ്ടതായിട്ടുണ്ട്, എന്നാൽ ഇ-ഓഫീസ് സോഫ്റ്റ്വെയറിന് വില ഈടാക്കുന്നില്ല. വിവിധ വകുപ്പുകളിൽ ഇ-ഓഫീസ് നടപ്പിലാക്കാൻ വേണ്ട മാനവശേഷിക്ക് മാത്രമാണ് വില ഈടാക്കുന്നത്.

(ഡി) ഈ പദ്ധതി നടപ്പാക്കുന്നത് സംസ്ഥാന ഐ.ടി.മിഷനും.അതിനു വേണ്ട സാങ്കേതിക സഹായം നല്കുന്നത് കെൽട്രോണും NIC-യും ആണ്. NIC PMU (പ്രോജക്ട് മോണിട്ടറിംഗ് യൂണിറ്റ്) സ്റ്റാഫാണ് ഉദ്യോഗസ്ഥർക്ക് ട്രെയിനിംഗ് നല്കുന്നത്. കേരള സ്റ്റേറ്റ് ഐ.ടി മിഷൻ അടിസ്ഥാന സൗകര്യങ്ങൾ, ഡിജിറ്റൽ സിഗ്നേച്ചർ, വെർച്വൽ പ്രൈവറ്റ് നെറ്റ്വർക്ക് എന്നിവ അനുവദിക്കുന്നു. SeMT-ട്രെയിനിംഗ്, വിദഗ്ദ്ധോപദേശം എന്നിവ നൽകുന്നു.

കെൽട്രോൺ - നെറ്റ്വർക്ക്, ബാൻഡ് വിഡ്ത്ത് എന്നിവയുമായി ബന്ധപ്പെട്ട കാര്യങ്ങൾ ചെയ്യുന്നു. എൻ.ഐ.സി - ഇ - മെയിൽ ഐ.ഡി. അനുവദിച്ചു നല്കുക, എംപ്ലോയീ മാസ്റ്റർ ഡാറ്റാബേസ് നിർമ്മിക്കുക, ഡിജിറ്റൽ സിഗ്നേച്ചർ ടോക്കൺ ഇൻസ്റ്റലേഷൻ, പഴയ ആപ്ലിക്കേഷനുകളെ ഇ-ഓഫീസിലേക്ക് മൈഗ്രേറ്റ് ചെയ്യിക്കുക, സെർവറുകൾ വാങ്ങി ഇൻസ്റ്റോൾ ചെയ്യുക. ഇ-ഓഫീസ് സമാരംഭിക്കുക. ഇ-ഓഫീസ് പദ്ധതിയുടെ നടത്തിപ്പും അതിന്റെ മേൽനോട്ടവും വഹിക്കുന്നത് ഇൻഫർമേഷൻ ടെക്നോളജി (ഐടി സെൽ) ഡിപ്പാർട്ട്മെന്റാണ്.

പ്രസിദ്ധപ്പെടുത്താൻ നടപടി

29 (3660) ശ്രീ. സി. മമ്മൂട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള സെക്രട്ടേറിയറ്റ് ഡയറക്ടറി ആദ്യം പ്രസിദ്ധപ്പെടുത്തിയത് എന്നാണെന്ന് വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഏറ്റവും ഒടുവിലായി അത് പരിഷ്കരിച്ച് പ്രസിദ്ധപ്പെടുത്തിയത് ഏതു വർഷമാണ് ;

(സി) അതിനുശേഷമുള്ള മാറ്റങ്ങളുൾപ്പെടുത്തി പരിഷ്കരിച്ച പതിപ്പ് പ്രസിദ്ധപ്പെടുത്തുന്നതിനുള്ള കാലതാമസത്തിന്റെ കാരണമെന്താണെന്ന് വ്യക്തമാക്കുമോ ;

(ഡി) ഡയറക്ടറിയുടെ ഘടനയിലും ഉൾപ്പെടുത്തുന്ന വിവരങ്ങളിലും വ്യത്യാസം വരുത്താൻ ഉദ്ദേശിക്കുന്നുണ്ടോ ; എങ്കിൽ വിശദമാക്കുമോ ;

(ഇ) വിവിധ വകുപ്പുകൾക്കും ജനപ്രതിനിധികൾക്കും പൊതുജനങ്ങൾക്കും ഉപകാരപ്രദമായ ഡയറക്ടറി പരിഷ്കരിച്ച് എത്രയും പെട്ടെന്ന് പ്രസിദ്ധപ്പെടുത്തണമെന്ന നിർദ്ദേശം നൽകുമോ ?

ഉത്തരം

(എ) 1983-ൽ.

(ബി) 2011.

(സി) പരിഷ്കരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. എന്നാൽ, ചില വകുപ്പുകളെ സംബന്ധിച്ചുള്ള വിവരങ്ങൾ കൂടി ലഭ്യമാകാനുണ്ട്. ആയവകൂടി ലഭ്യമായാൽ മാത്രമേ 2011-ൽ പ്രസിദ്ധപ്പെടുത്തിയ കേരളാ സെക്രട്ടേറിയറ്റ് ഡയറക്ടറി പരിഷ്കരിച്ച് പ്രസിദ്ധപ്പെടുത്താൻ കഴിയുകയുള്ളൂ.

(ഡി) പുതുതായി പ്രസിദ്ധീകരിക്കാൻ ഉദ്ദേശിക്കുന്ന കേരളാ സെക്രട്ടേറിയറ്റ് ഡയറക്ടറിയിൽ ഓരോ വകുപ്പിനും കീഴിലുള്ള സെക്ഷനുകളുടെ സീറ്റ് വൈസ് വർക്ക് ഡിസ്ട്രിബ്യൂഷൻ, ബന്ധപ്പെട്ട സെക്ഷനുകളുടെ നിലവിലുള്ള ടെലഫോൺ നമ്പറുകൾ സഹിതം ഉൾക്കൊള്ളിക്കാൻ തീരുമാനിച്ചിട്ടുണ്ട്. കൂടാതെ, മലയാളത്തിലും പകർപ്പ് തയ്യാറാക്കാൻ തീരുമാനിച്ചിട്ടുണ്ട്.

(ഇ) ഡയറക്ടറി പ്രസിദ്ധീകരിക്കുന്നതിനാവശ്യമായ വിവരങ്ങൾ അടിയന്തരമായി ലഭ്യമാക്കാൻ ബന്ധപ്പെട്ട വകുപ്പുകൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ഇവ ലഭ്യമാക്കുന്ന മുറയ്ക്ക് കേരളാ സെക്രട്ടേറിയറ്റ് ഡയറക്ടറി പരിഷ്കരിച്ച് പ്രസിദ്ധീകരിക്കുന്നതാണ്.

164/2018

LIBRARY ARCHIVES Kerala Legislative Assembly